**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4569** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | (എ)യും (ബി)യും ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളാണ് വിദ്യാജ്യോതി പദ്ധതി, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിജയാമൃതം പദ്ധതി. ടി പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടി വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം II ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം III ആയി ചേർക്കുന്നു. |
| (ബി) | ഇത്തരം കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | (എ)യും (ബി)യും ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളാണ് വിദ്യാജ്യോതി പദ്ധതി, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിജയാമൃതം പദ്ധതി. ടി പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടി വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം II ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

# സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

## 1) വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

**ധനസഹായനിരക്ക്**

| ക്രമ നം | കോഴ്സ്/ക്ലാസ്/വിഭാഗം | പഠനോപകരണങ്ങൾ | യൂണിഫോം (ഒരു കാറ്റഗറിയിൽ ഒറ്റ തവണ മാത്രം) |
|---|---|---|---|
| 1 | 9 ,10 ക്ലാസുകൾ | 1000 രൂപ | 1500 രൂപ |
| 2 | +1, +2, ITI ,VHSC, | 2000 രൂപ | 1500 രൂപ |
| 3 | ഡിഗ്രി/ഡിപ്ലോമ / പ്രൊഫഷണൽ കോഴ്സുകൾ | 3000 രൂപ | - |
| 4 | പിജി | 3000 രൂപ | - |

## 2) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

| ശ്രേണി | ദിവസ വിദ്യാർഥികൾക്ക് | ഹോസ്റ്റൽ വിദ്യാർഥികൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 രൂപ | --------- | 200 രൂപ |
| 5 മുതൽ 10 വരെ | 500 രൂപ | --------- | 200 രൂപ |
| +1, +2, ITI, തത്തുല്യമായ കോഴ്സുകൾ | 750 രൂപ | 1000 രൂപ | 300 രൂപ |
| ഡിഗ്രി, പിജി, പൊളിടെക്നിക്ക് | 1000 രൂപ | 1500 രൂപ | 400 രൂപ |

| | | | |
|---|---|---|---|
| തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | | | |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 രൂപ | 1500 രൂപ | 400 രൂപ |

### 3) വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ. പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം. അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യ അവസരത്തിൽ തന്നെ പാസ്സായിരിക്കണം.

## പദ്ധതി മാനദണ്ഡങ്ങൾ

### 1) വിദ്യാജ്യോതി പദ്ധതി - മാനദണ്ഡങ്ങൾ

1. അപേക്ഷകൻ /അപേക്ഷക സർക്കാർ /Aided സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം
2. വൈകല്യ തോത് 40%മോ അതിൽ കൂടുതലോ ഉള്ള മെഡിക്കൽ ബോർഡ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം
3. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ മേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. BPL/APL വ്യത്യാസമില്ലാതെ അപേക്ഷ സമർപ്പിക്കാം
5. BPL വിദ്യാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്
6. ഒരു വിദ്യാർത്ഥിക്ക് ഒരു കാറ്റഗറിയിൽ ഒറ്റതവണ മാത്രമേ യൂണിഫോമിനു ധനസഹായം അനുവദിക്കുകയുള്ളൂ
7. അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് .

### 2) ഭിന്നശേഷി സ്കോളർഷിപ്പ് - പദ്ധതി മാനദണ്ഡങ്ങൾ

1. ഒന്നാം ക്ലാസ്സ് മുതൽ PG/പ്രൊഫഷണൽ കോഴ്സ് വരെ സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന 40% - ഉം അതിൽ കൂടുതലും വൈകല്യ ബാധിതരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി

2. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ കവിയാൻ പാടില്ല
3. വിദ്യാലയ മേധാവി മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.
4. മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
5. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

## 3) വിജയാമൃതം - പദ്ധതി മാനദണ്ഡങ്ങൾ

1. അപേക്ഷകർ കേരള സർക്കാർ / സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ / കോളേജുകൾ / മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നേരിട്ടോ, പാരലൽ കോളേജ് / വിദൂര വിദ്യാഭ്യാസം വഴിയോ കേരള സർക്കാർ അംഗീകരിച്ച കോഴ്സ് പാസ്സായവരായിരിക്കണം.
2. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും, ധനസഹായത്തിന് യോഗ്യത നേടിയ സർട്ടിഫിക്കറ്റിന്റെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, (മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സഹിതം) ആധാർ കാർഡ്, ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജ് (IFSC , A/c No. എന്നിവ വ്യക്തമായിരിക്കണം) പകർപ്പുകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. അപേക്ഷകൻ ആദ്യ അവസരത്തിൽ തന്നെ പരീക്ഷകൾ പാസ്സായിരിക്കണം.
4. ഒരേ യോഗ്യതയുള്ള ഒന്നിലധികം പേരുണ്ടെങ്കിൽ വൈകല്യതോത് കൂടുതലുള്ള അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.
5. 2020-21 വർഷത്തെ വിജയികൾക്ക് 2021-22 സാമ്പത്തിക വർഷത്തിലും തുടർന്ന് വരുന്ന വർഷങ്ങളിലുമായിരിക്കും അവാർഡ് നൽകുന്നത്.
6. അർഹതയുള്ളവർ എല്ലാ വർഷവും സെപ്റ്റംബർ 30 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
7. നവംബർ 15 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അർഹരായവരുടെ അന്തിമ പട്ടിക ഡയറക്ടർക്ക് സമർപ്പിക്കണം.
8. പിജി / പ്രൊഫഷണൽ കോഴ്സ് വിഭാഗത്തിൽ അപേക്ഷകൾ കുറവാണെങ്കിൽ ഡിഗ്രി വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് അവാർഡ് നൽകാവുന്നതാണ്. എന്നാൽ ഒരു ജില്ലയ്ക്ക് അനുവദിച്ച ആകെ 15 എണ്ണത്തിൽ കവിയാൻ പാടില്ല.

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. കേരളത്തിൽ സ്ഥിരതാമസക്കാരായ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്ക് ബിരുദതലം മുതൽ പഠിക്കുന്നതിനായി എൻ.എച്ച്.എഫ്.ഡി.സി മുഖേന തുകയ്ക്ക് ആനുപാതികമായി 6 ശതമാനം മുതൽ പലിശനിരക്കിൽ വിദ്യാഭ്യാസ വായ്പ അനുവദിച്ചു വരുന്നു. 4 ലക്ഷം രൂപ വരെ ഈടില്ലാതെയും അതിനു മുകളിൽ ഈടിൻ മേലുമാണ് വായ്പ അനുവദിക്കുന്നത്. ഇന്ത്യയ്ക്ക് അകത്ത് വിദ്യാഭ്യാസം ചെയ്യുന്നവർക്ക് പരമാവധി 10 ലക്ഷം രൂപയും ഇന്ത്യയ്ക്ക് പുറത്ത് വിദ്യാഭ്യാസം ചെയ്യുന്നവർക്ക് പരമാവധി 20 ലക്ഷം രൂപയും വായ്പയായി അനുവദിച്ചുവരുന്നു. കോഴ്സ് കഴിഞ്ഞ് ജോലി കിട്ടിയാൽ 6 മാസം കഴിയുമ്പോഴോ അല്ലെങ്കിൽ ഒരു വർഷത്തിനകമോ വായ്പാ തുക തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.
2. 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്ക് ചലന സ്വാതന്ത്ര്യത്തിനും ആശയവിനിമയം നടത്തുന്നതിനുമുള്ള സഹായ ഉപകരണങ്ങൾ നൽകിവരുന്നു. ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മൂന്ന് വർഷത്തിലൊരിക്കൽ) ഹൈടെക് ലിംബ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി പ്ലെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകിവരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാ ഫോറത്തിനോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.
3. 50 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വം ഉള്ള 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് 20000/- രൂപ സ്ഥിര നിക്ഷേപം നടത്തി വരുന്നു.

**മാനദണ്ഡങ്ങൾ**

1. 50 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വം
2. 1 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബവാർഷിക വരുമാനം
3. കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം
4. അപേക്ഷ സ്വീകരിക്കുന്ന സാമ്പത്തിക വർഷം 12 വയസ്സിൽ താഴെ പ്രായം

18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കോ മറ്റ് അത്യാവശ്യ ഘട്ടത്തിലോ വികലാംഗക്ഷേമ കോർപ്പറേഷന്റെ അനുവാദത്തോടെ നിക്ഷേപ തുകയും പലിശയും പിൻവലിച്ച് അപേക്ഷകന് ഉപയോഗിക്കാവുന്നതാണ്.

# കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

## 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. കൂടാതെ ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

## 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ **'ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ'** സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവിടേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

## 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

## 4. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ

ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി **കാതോരം** എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 62 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നു ണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്കാനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു JPHN ന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ NPPCD (National Programme for Prevention and Control of Deafness) കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം 1000 - 1500 കുട്ടികൾ BERA യിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി NIPMR, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

### 5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

### 6. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പദ്ധതിയുടെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടിയും എന്ന കണക്കിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. 2016 - 2020 കാലയളവിൽ 1110 പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഈ അംഗൻവാടി

കൾ വഴി പരിശീലനം നൽകുകയും 374 കുട്ടികളെ സാധാരണ സ്കൂളിൽ ചേർക്കുകയും ചെയ്തു.

**7. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് MCRC കൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**8. ശ്രുതി തരംഗം പദ്ധതി**

കുട്ടികളിൽ കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് സർജറി **"ശ്രുതി തരംഗം"** എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നത്. ഇതുവരെ 1196 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിലൂടെ കേൾവി ശക്തി വീണ്ടെടുത്തിട്ടുണ്ട്.

**9. സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് **സ്പെക്ട്രം (SPECTRUM).** ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

**സ്പെക്ട്രം (SPECTRUM)** പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**a. ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**b. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

**c. രക്ഷിതാക്കൾക്കുളള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും ,തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം 2019- 2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന 'സഹയോഗി' എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്.

## മാനദണ്ഡങ്ങൾ

**a.** സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ എന്നീ സേവനങ്ങൾക്കായി റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, പ്രത്യേക മേഖലകയിലെ ഇന്റർവെൻഷൻ യൂണിറ്റുകളിലും സ്പെഷ്യൽ അങ്കണവാടികളിലും ഓട്ടിസം സെന്ററുകൾ, റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ എന്നിവിടങ്ങളിലും എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും സേവനങ്ങൾ സൗജന്യമായി ലഭ്യമാണ്.

**b.** ശ്രുതിതരംഗം പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുളള മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. 0- 3 വയസ്സുവരെയുളള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുളള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
3. കേരളത്തിലുളള കുട്ടികളായിരിക്കണം.
4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുളള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുളളതല്ല.
5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുളള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുളള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുളളവരായിരിക്കണം.
6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുളള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

ചുവടെപ്പറയുന്ന സർക്കാർ / പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തി നൽകുന്നത്.

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.
3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.
4. കിംസ് ആശുപത്രി, തിരുവനന്തപുരം.

5. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം.
6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.
7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.
8. അസെന്റ് ഇ.എൻ.റ്റി ആശുപത്രി, പെരിന്തൽമണ്ണ.
9. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.
10. മിംസ് ആശുപത്രി, കോഴിക്കോട്.